Syro Malabar Commission for Liturgy



# നോമ്പ് മൂന്നാം ബുധൻ - മത്താ 5: 43-48

ശത്രുസ്നേഹത്തിലൂടെ ദൈവികപൂർണത കരഗതമാക്കുകയെന്നതാണ് പ്രതിപാദ്യവിഷയം. ശത്രുക്കളെ ദ്വേഷിക്കുകയെന്നതായിരുന്നു പഴയനിയമകാഴ്ചപ്പാട് (പുറ 7: 1-7). ഈ നിയമത്തിന് പുനരാഖ്യാനം നല്കി ശത്രുക്കളെ സ്നേഹിക്കാൻ ഈശോ ആവശ്യപ്പെടുന്നു. ഈശോയുടെ പ്രബോധനങ്ങളുടെ അടിസ്ഥാനംതന്നെ ശത്രുസ്നേഹമാണ്. തന്റെ സ്നേഹവലയത്തിൽനിന്നും ആരെയും ഒഴിവാക്കുന്നില്ലായെന്നതാണ് ദൈവസ്നേഹത്തിന്റെ പ്രത്യേകത. ആ സ്നേഹശൈലി അനുകരിക്കുന്നവർക്ക് ശത്രുക്കളെ സ്നേഹിക്കാതിരിക്കുവാൻ സാധിക്കുകയില്ല. ശത്രുക്കൾക്ക് നന്മ ചെയ്ത് അവരുടെ ശത്രുതയെ നിർമ്മാർജ്ജനം ചെയ്യുകയെന്നതാണ് ക്രിസ്തീയആയുധമുറ. നിന്റെ ശത്രുവിന് വിശക്കുന്നെങ്കിൽ ഭക്ഷിക്കാനും ദാഹിക്കുന്നെങ്കിൽ കുടിക്കാനും കൊടുക്കുക. അതുവഴി നീ അവന്റെ ശിരസ്സിൽ തീക്കനൽ കൂനകൂട്ടും (റോമ 12: 20). അതായത്, ശത്രുവിന്റെ ശത്രുതയുടെ ശിരസ്സിൽ സ്നേഹത്തിന്റെ തീ കോരിയിടുവാനും തീക്കനൽ കൂട്ടുവാനും നമുക്കു കഴിയണം. അപ്പോൾ അവനിലെ ശത്രുത കത്തിയെരിഞ്ഞ് ഇല്ലാതാവുകയും അവൻ നമ്മുടെ മിത്രമാവുകയും ചെയ്യും. ശത്രുക്കളെ സ്നേഹിക്കുന്നതുവഴി നമ്മൾ സ്വർഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും. അപ്പോൾ മാത്രമേ നമ്മളും ദൈവപിതാവിന്റെ പാതയിൽ സഞ്ചരിക്കുന്നവരും ദൈവികപൂർണ്ണതയിലേക്ക് പ്രയാണം ചെയ്യുന്നവരുമാകൂ.

ആരാധനക്രമകമ്മീഷൻ

മൗണ്ട് സെന്റ് തോമസ്,കാക്കനാട് Read More:www.syromalabarliturgy.org